കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 ഫെബ്രുവരി 22, വ്യാഴം

വാല്യം : 113] ഔദ്യോഗിക റിപ്പോർട്ട് നമ്പർ : 5

നിയമസഭ 2001 ഫെബ്രുവരി മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാണ്മുലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....., ഓഡർ..... ചോദ്യം നമ്പർ 61

നെൽക്കൃഷി വികസനത്തിന് പദ്ധതികൾ

1 (*61) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസനത്തിന് വേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്ത് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) നെൽക്കൃഷി വികസനത്തിന് വേണ്ടി നിയോഗിച്ച ഡോക്ടർ ശ്യാമസുന്ദരൻ നായർ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) നെൽക്കൃഷി വികസനത്തിന് എത്ര ഏജൻസികളാണ് നിലവിലുള്ളത് ;

(ഇ) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനത്തിന്റെ ഭാഗമായി നെൽക്കൃഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നെൽവയലുകൾ തരിശിടുന്നതും നികത്തുന്നതും തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഗ്രൂപ്പ് ഫാമിംഗിന്റെ പുനരാവിഷ്ക്കരണം, സീഡ് അതോറിറ്റി രൂപീകരണവും അതിലൂടെ വിത്തുല്പാദനവും വിതരണവും, സംയോജിത നെൽക്കൃഷി വികസനം, വൈദ്യുതി സൗജന്യം, വർദ്ധിപ്പിച്ച ഉൽപാദന ബോണസ്സ് അതിന് പുറമേ ഹെക്ടറിന് 750 രൂപ വീതമുള്ള ഇൻസെന്റീവ്, കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 1000 രൂപ വീതമുള്ള പ്രത്യേക ഇൻസെന്റീവ്, ബസുമതി കൃഷിയുടെ വ്യാപനം, സംയോജിത കീട നിയന്ത്രണം, ചെറുകിട യന്ത്രവൽക്കരണം, നെല്ലു സംഭരണം. റൈസ് മില്ല് സ്ഥാപിക്കൽ, പാഡി ബോർഡ് രൂപീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു സർവകാല റിക്കാർഡ് ഈ രംഗത്തുണ്ടായി എന്ന് കണക്കാക്കുന്നു.

(സി) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) 11 ഏജൻസികൾ.

(ഇ) ഉണ്ട്.

(എഫ്) കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ *69 ഇതിനോടൊപ്പം ക്ലബ്ബ് ചെയ്യാവുന്നതാണ്.

ബസുമതി നെൽക്കൃഷി

2 (*69) ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസുമതി നെൽക്കൃഷി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിത്തിനം കൃഷിചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും കർഷകന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly